"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതീതര വിഹിതത്തിൽ (നോൺ പ്ലാൻ) നിന്നും ഒന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.194/2025/SJD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03.05.2025-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യ.സി/505/2025-എ.5 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തിന്റെ **2025-2026** സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി **2235-02-190-98**-നോൺപ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി **30,00,000/-** രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്ന് 30,00,000/- രൂപ റിലീസ് ചെയ്ത് ടി കോർപ്പറേഷന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ. 701011400000173) നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2025-2026** സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി **2235-02-190-98**-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിട്ടുള്ള **30,00,000/-** രൂപയിൽ നിന്നും **12,00,000/-** രൂപ (പന്ത്രണ്ട് ലക്ഷംരൂപ മാത്രം) ഒന്നാം ഗഡു ധനസഹായമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കോർപ്പറേഷന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ. ഉ. (പി) നമ്പർ. 62/18/ധന-യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ STSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻപാടുള്ളൂ.
2) 09/12/2008-ലെ സർക്കുലർ നമ്പർ. 84/2008/ധന-യിലെയും 30.01.2018-ലെ സർക്കുലർ നമ്പർ. 08/18/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3) അനുവദിച്ച തുകയുടെ വിശദമായ ചെലവുപത്രികയും 09.01.2020-ലെ സ. ഉ. (കൈ) നമ്പർ. 04/2020/ധന പ്രകാരമുള്ള ധന-വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ്

സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ 11.09.2020-ലെ സ. ഉ. (കൈ) നമ്പർ. 93/2020/ധന തീയതി പ്രകാരമുള്ള ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രംകൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെവരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൺദേവ്. എൻ

ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

ധനകാര്യ (പി.യു-സി) വകുപ്പ് (11.07.2025-ലെ 3184972/പി.യു-സി.4/107/2025-ധന നമ്പർ കുറിപ്പ് പ്രകാരം)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Vipin S D

Date: 21-07-2025 10:47:01

സെക്ഷൻ ഓഫീസർ